# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 344 — 25.04.2017 — ൽ മറുപടിക്ക്

## പുതുക്കിയ റേഷൻകാർഡുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ എന്നാണ് ആരംഭിച്ചത്; | (എ) 16.07.2014-ന് ആരംഭിച്ചു. |
| (ബി) ഇത്ര നാളായിട്ടും പുതുക്കിയ റേഷൻ കാർഡുകൾ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(സി) മുമ്പ് ബി.പി.എൽ കാർഡ് ഉണ്ടായിരുന്ന ബഹുഭൂരിപക്ഷം കുടുംബങ്ങളും കരട് ലിസ്റ്റ് വന്നപ്പോൾ എ.പി.എൽ ആയി മാറി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) യും (സി) യും റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക 20.10.2016-ന് പ്രസിദ്ധീകരിക്കുകയും 20.10.2016 മുതൽ 05.11.2016 വരെ കരട് പട്ടികയിന്മേൽ ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ നൽകുവാൻ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ ഹിയറിംഗിനായി വിളിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജില്ലാ കളക്ടർ അധ്യക്ഷനായ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ അവസരം നൽകുകയും അന്തിമ പട്ടിക തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത പട്ടിക ലഭിച്ച ശേഷമാണ് അച്ചടി ജോലികൾ ആരംഭിച്ചത്.<br><br>റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയ സി-ഡിറ്റിനാണ് റേഷൻ കാർഡിന്റെ അച്ചടിയുടെ ചുമതല. പുറംചട്ട അച്ചടിച്ച് ലാമിനേറ്റ് ചെയ്ത് ഉൾപേജുമായി കൂട്ടിചേർത്ത് സ്റ്റാപ്പിൾ ചെയ്ത് ബന്ധപ്പെട്ട താലൂക്കുകളിൽ എത്തിക്കുന്നതിനുണ്ടായ കാലതാമസം കൊണ്ടാണ് ഏപ്രിൽ മാസത്തിൽ വിതരണം |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കാൻ കഴിയാത്തത്. മെയ് മാസത്തോടുകൂടി മുഴുവൻ റേഷൻകാർഡും വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ, നഗരം വേർതിരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായിട്ടുള്ള മാർഗ്ഗ നിർദ്ദേശം കേന്ദ്ര സർക്കാരാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ സംസ്ഥാനത്തിന്റെയും സാമൂഹിക സാമ്പത്തിക അവസ്ഥ കണക്കിലെടുത്താണ് ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ 2011-ലെ സെൻസസ് പ്രകാരമുള്ള 3.34 കോടി ജനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള 52.63% ഉം, നഗര പ്രദേശങ്ങളിലെ 39.5% ഉം ഉൾപ്പെടെ 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അനർഹരുടെ പട്ടിക പരിശോധിച്ച് വരികയാണ്. പരിശോധനയിൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയത് വഴി എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞു; | (ഡി) | 1524161 പരാതികൾ |
| (ഇ) | പുതിയ റേഷൻ കാർഡ് എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രഖ്യാപിക്കാമോ? | (ഇ) | മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ